കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 28, ബുധൻ

വാല്യം: 143] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 2010 ജൂലൈ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ 631.....

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ നടത്തിയ സംഘകൃഷി

1 (* 631) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലെ കൃഷിയോഗ്യമായ തരിശ് ഭൂമികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ എത്ര ഏക്കർ തരിശ് ഭൂമിയിൽ സംഘകൃഷി നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷത്തെ ലക്ഷ്യം എത്രയാണ് ; ഇതിനായി പഞ്ചായത്തുകളിൽ നിന്നും എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംഘകൃഷിയിൽ നഷ്ടമുണ്ടായ അയൽക്കൂട്ടങ്ങൾക്ക് പ്രത്യേക സഹായം നൽകുമോ ;

(ഇ) എത്ര പഞ്ചായത്തുകൾ തരിശുരഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നെൽകൃഷിക്കൊപ്പം മറ്റു കാർഷിക വിളകൾക്കും പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ,

(എ) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ സാമ്പത്തിക സർവ്വേ 2009-ലെ കണക്കുകളനുസരിച്ച് കേരളത്തിൽ 2008-09 വർഷത്തിൽ 91,830 ഹെക്ടർ കൃഷി യോഗ്യമായ തരിശുഭൂമിയും 44,939 ഹെക്ടർ മറ്റു തരിശുഭൂമിയും ഉണ്ട്.

(ബി) കഴിഞ്ഞ വർഷം കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ 17,714 ഏക്കർ തരിശുഭൂമി ഉൾപ്പെടെ 62,655 ഏക്കറിൽ സംഘകൃഷി ചെയ്തിട്ടുണ്ട്.

(സി) ഈ വർഷത്തെ ലക്ഷ്യം 10,000 ഏക്കർ തരിശ് ഭൂമി ഉൾപ്പെടെ 75,000 ഏക്കറിൽ സംഘകൃഷി ചെയ്യുക എന്നതാണ്. സംഘകൃഷിക്ക് പഞ്ചായത്തുകളിൽ നിന്നും ചുവടെ പറയുന്ന സഹായങ്ങൾ നൽകിവരുന്നു.

1. ജൈവവളവും സാധാരണവളവും ഉൾപ്പെടെയുള്ള വളങ്ങൾക്ക് 50% വരെ സബ്സിഡി.
2. ജൈവകീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾക്ക് 50% സബ്സിഡി.
3. പച്ചക്കറി വിത്തുകൾക്കും തൈകൾക്കും നെൽവിത്തുകൾക്കും 100% സബ്സിഡി.
4. പമ്പ്സെറ്റ്, സ്പ്രേയറുകൾ മറ്റു കാർഷിക ഉപകരണങ്ങൾ എന്നിവയ്ക്ക് 50% സബ്സിഡി.
5. ട്രാക്ടറുകൾ, ട്രില്ലറുകൾ, മറ്റുകാർഷിക യന്ത്രങ്ങൾ എന്നിവയ്ക്ക് 100% സബ്സിഡി.
6. ജലസേചന കിണർ-ബി.പി.എൽ., നാമമാത്ര കർഷകർക്കായി 100% വും എ.പി.എൽ. കർഷകർക്ക് 50% വും സബ്സിഡി അനുവദിക്കുന്നു. ഇതിനു പുറമെ കൃഷി ചെലവിനായി ഹെക്ടർ ഒന്നിന് 2,500 രൂപ വീതം പഞ്ചായത്തുകൾ സബ്സിഡിയായി നൽകുന്നു. ഒറ്റത്തവണ ഭൂവികസനത്തിനുള്ള സഹായം എൻ.ആർ.ഇ.ജി.എസ്.-ൽ നിന്നും നൽകുന്നു.

(ഡി) ഇല്ല. എന്നാൽ സംഘകൃഷിയിൽ നഷ്ടമുണ്ടാകുന്ന അയൽക്കൂട്ടങ്ങൾക്ക് കൃഷി ഭവനിലൂടെയും ബാങ്കിലൂടെയും വിള ഇൻഷ്വറൻസ് വഴി പ്രത്യേക സഹായം നേടാവുന്നതാണ്.

(ഇ) പന്ത്രണ്ട് പഞ്ചായത്തുകളാണ് തരിശ് രഹിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ളത്. ആയവയുടെ വിവരം ചുവടെ ചേർക്കുന്നു.

മണ്ണഞ്ചേരി, പാലമേൽ - ആലപ്പുഴ ജില്ല.

പാമ്പാക്കുട - എറണാകുളം ജില്ല.

LIBRARY ARCHIVES Kerala Legislative Assembly

മടിക്കൈ, വലിയപറമ്പ്	- കാസർഗോഡ് ജില്ല.
അടാട്ട്	- തൃശ്ശൂർ ജില്ല.
അകത്തേത്തറ	- പാലക്കാട് ജില്ല.
മീനങ്ങാടി	- വയനാട് ജില്ല.
ആര്യനാട്	- തിരുവനന്തപുരം ജില്ല.
ആദവനാട്, ഇടരിക്കോട്	- മലപ്പുറം ജില്ല.
കടപ്ര	- പത്തനംതിട്ട ജില്ല.

(എഫ്) നെൽ കൃഷിക്ക് ഒപ്പം മറ്റ് കാർഷിക വിളകൾക്കും വിസ്തൃതി ബോണസും ഉൽപ്പാദന ബോണസും ഉൾപ്പെടെയുള്ള പ്രോത്സാഹനം നൽകി വരുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കേരളത്തിലെ ജനസംഖ്യക്ക് ആനുപാതികമായി ഭക്ഷ്യധാന്യ ഉൽപ്പാദനം നടത്താൻ ഇന്ന് നമുക്ക് സാധിക്കുന്നില്ല. കേരളത്തിൽ ഈ കുറവ് നിലനിൽക്കെ തന്നെ കൃഷിയോഗ്യമായ 91,830 ഹെക്ടർ ഭൂമി തരിശായി കിടക്കുന്നുണ്ടെന്നാണ് ഉത്തരത്തിൽ അങ്ങ് പറഞ്ഞിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ പശ്ചാത്തലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളെ പൂർണ്ണമായും കോർത്തിണക്കി ഭക്ഷ്യധാന്യ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായിട്ടുള്ള വ്യത്യസ്തമായ സഹായങ്ങൾ നൽകി ഈ തരിശ് ഭൂമിയെല്ലാം കൃഷിയോഗ്യമാക്കി മാറ്റാൻ ആവശ്യമായ നടപടികൾ അങ്ങ് സ്വീകരിക്കുമോ; അതിന് എന്തൊക്കെ സഹായങ്ങളാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ചെയ്യാൻ സാധിക്കുക ?.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. കൃഷി നഷ്ടമാണെന്നുള്ളതുകൊണ്ടാണ് കൃഷി ചെയ്യാതിരിക്കുന്നത്. ഗവൺമെന്റും അതുപോലെ തന്നെ തദ്ദേശ സ്ഥാപനങ്ങളും ചെറിയതോതിൽ ലാഭകരമായി നടത്താനാവശ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എൻ.ആർ.ഇ.ജി. പോലുള്ള പദ്ധതികൾ മുഖേന തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള വലിയ തോതിലുള്ള പദ്ധതികളും സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, തരിശ് ഇടുന്നതിന് പ്രധാനപ്പെട്ട ഒരു കാരണം ആവശ്യമായ ജോലിക്കാരെ കിട്ടുന്നില്ല എന്നുള്ളതാണ്. പ്രത്യേകിച്ച് തൊഴിലുറപ്പ് പദ്ധതിയൊക്കെ തന്നെ കാർഷികവൃത്തി നടക്കുന്ന അതേ

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് തന്നെ സമാന്തരമായി നടക്കുന്നതുകൊണ്ട് കാർഷികവൃത്തിയിൽ ഏർപ്പെടാൻ ആളെ കിട്ടാത്ത ഒരു പ്രത്യേക സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ ഓരോ പഞ്ചായത്തിലും കാർഷികവൃത്തിക്ക് വേണ്ടി മാത്രം ഒരു തൊഴിൽ സേന രൂപീകരിക്കാനും പഞ്ചായത്തുകളെകൊണ്ട്തന്നെ തൊഴിലിടങ്ങളിലേക്ക് ആവശ്യമായ തൊഴിലാളികളെ നൽകി സഹായിക്കുന്നതിന് നടപടിയെടുക്കാനും മുൻകൈ എടുക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, കൃഷി പ്രവൃത്തി തകൃതിയായിട്ട് നടക്കുന്ന സമയത്ത് എൻ.ആർ.ഇ.ജി. പദ്ധതികളിലുള്ള പ്രവർത്തനം നിർത്തി വയ്ക്കാനും ഇതിലേക്ക് ശ്രദ്ധകേന്ദ്രീകരിക്കാനും തൊഴിലാളികൾ ലഭ്യമല്ലാത്ത സാഹചര്യം ഒഴിവാക്കാനും പരമാവധി ശ്രമിക്കുന്നുണ്ട്. തൊഴിൽ സേന, കുന്നത്തുകാൽ മോഡലിൽ ചില പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട് അതിനെ പ്രോത്സാഹിപ്പിക്കുന്നതാണ്.

മി. സ്പീക്കർ : വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ ഗ്രീൻ ആർമി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അതുപോലെ ചിലയിടങ്ങളിൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതാണ്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി : സർ, നെൽ വയലുകൾ തരിശിടുന്നതും പരിവർത്തനം ചെയ്യുന്നതും നിയമംമൂലം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും വ്യാപകമായ തരിശുണ്ടെന്നാണ് അങ്ങയുടെ ഉത്തരത്തിൽ നിന്ന് മനസ്സിലാകുന്നത്. ഏകദേശം രണ്ടര ലക്ഷത്തോളം ഏക്കർ കൃഷിയോഗ്യമായ തരിശുണ്ടെന്നാണ് പറയുന്നത്. കുടുംബശ്രീ-അയൽക്കൂട്ട സംഘകൃഷിയുടെ പ്രാധാന്യം ഇതിൽ നിന്ന് ബോധ്യപ്പെടുന്നതാണ്. എന്റെ ചോദ്യം, ഇന്ന് കൃഷി ഇറക്കൽ മാത്രമല്ല അതിന്റെ വിളവെടുപ്പ് വരെയുള്ള സംരക്ഷണവും വളരെ ചെലവേറിയ ഒന്നാണ്. നെൽകൃഷിക്കാർക്ക് സംസ്ഥാന ഗവൺമെന്റ് പലിശ രഹിത വായ്പ കൊടുക്കുന്ന ഒരു സ്കീമുണ്ട്. സംഘകൃഷി നടത്തുന്ന അയൽകൂട്ടങ്ങൾക്കും കുടുംബശ്രീകൾക്കും കൂടി ഈ പലിശ രഹിത വായ്പ കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, പലിശ രഹിത വായ്പ കൊടുത്ത് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ തന്നെ ആ രംഗത്ത് മുൻകൈ എടുത്ത് മുന്നോട്ട് വരുന്നുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഇവിടെ കൃഷിക്ക് ആവശ്യമായ ചെലവിനുള്ള വായ്പ ലഭ്യമാക്കുമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ പഞ്ചായത്തിൽ നിന്ന് കൊടുക്കുന്ന സബ്സിഡി ഒരേക്കറിന് 2,500 രൂപയാണ്, ഇതൊന്നും പോര. ആവശ്യമുള്ള ബാക്കി പണമെടുക്കേണ്ടത് ബാങ്കിൽ നിന്നാണ്. പക്ഷേ ഇന്നലെ റിസർവ് ബാങ്കിന്റെ വായ്പാ നയം പ്രഖ്യാപിച്ചപ്പോൾ റീപ്പോ റേറ്റ് കൂട്ടി, 5.7 ശതമാനമാക്കി, റിവേഴ്സ് റീപ്പോ റേറ്റ് 4.5 ശതമാനവുമാക്കി; എന്ന് പറഞ്ഞാൽ ബാങ്കിൽ നിന്നും കൊടുക്കുന്ന പണത്തിന് പലിശ കൂടാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണ് ; അത് ഈ കൃഷിക്കാരെ ബാധിക്കില്ലേ; അതിന് എന്താണ് നമ്മൾ ചെയ്യാൻ പോകുന്നത് ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചിട്ടുള്ള ചില പ്രശ്നങ്ങൾ ഉണ്ട്, ആ പ്രയാസങ്ങൾ എങ്ങനെ പരിഹരിക്കും എന്നത് ആലോചിക്കേണ്ട ഒന്നാണ്.

ശ്രീ. കെ. സി. രാജഗോപാലൻ : സർ, എന്റെ മണ്ഡലത്തിലെ കുളനട പഞ്ചായത്തിൽ 40 ഏക്കർ വരുന്ന ചിറയിൽ 60 കുടുംബശ്രീ അംഗങ്ങൾ ചേർന്ന് മത്സ്യകൃഷി നടത്തി. അത് വിജയകരവുമായിരുന്നു, കൃഷി വകുപ്പ് അവരെ അംഗീകരിക്കുകയും പാരിതോഷികം നൽകുകയുമൊക്കെ ചെയ്തു. പക്ഷേ ഈ വിളവെടുക്കരുത് എന്ന് പറഞ്ഞ് നാട്ടുകാർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. എന്നാൽ കോടതി വിധിയുടെ ഫലമായിട്ടാണ് കുടുംബശ്രീക്കാർക്ക് ഈ വിളവെടുക്കാൻ കഴിഞ്ഞത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ജലാശയങ്ങളും ഭൂമിയും കുടുംബശ്രീക്ക് സംഘകൃഷി നടത്താൻ വേണ്ടി കൊടുക്കാൻ അങ്ങ് ഒരു ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തദ്ദേശസ്ഥാപനങ്ങളുടെ കയ്യിൽ അത്രയധികമൊന്നും ജലാശയങ്ങളില്ല, ഉള്ളിടത്ത് മുഴുവനും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ മത്സ്യം വളർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികളുമായി പലരും മുന്നോട്ട് വരുന്നുണ്ട്. ആ സ്ഥലങ്ങളിലെല്ലാം പഞ്ചായത്ത് ആവശ്യമായിട്ടുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട്. ജനങ്ങളുടെ സഹകരണത്തോടുകൂടി മത്സ്യകൃഷി വളരെ വിപുലമായിട്ടുള്ള രീതിയിൽ പലയിടങ്ങളിലും നടക്കുന്നുണ്ട് എന്നുള്ളതാണ് വസ്തുത.

ശ്രീ. എൻ. ശക്തൻ : സർ, കുടുംബശ്രീ യൂണിറ്റുകളിലെ സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. കേന്ദ്ര ഗവൺമെന്റ് ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയതിനുശേഷം ഒരു പരിധി വരെ ഇതിന് പരിഹാരം ഉണ്ടായിട്ടുണ്ട്. എന്നാലും സ്വന്തമായൊരു തൊഴിൽ എന്നത് ഇന്നും ഒരു പ്രശ്നമാണ്. എന്റെ ചോദ്യം, കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒരു ഏകീകൃത ബ്രാന്റിന്റെ പേരിലാക്കി കൺസ്യൂമർ ഫെഡ്, സപ്ലൈകോ തുടങ്ങിയ സർക്കാർ പൊതുവിതരണ ശൃംഖലയിലൂടെ വിൽപ്പന നടത്തുന്നതിനും വീടുകളിലെ കറണ്ട് ചാർജ്, വാട്ടർ ചാർജ്, ടെലിഫോൺ ചാർജ് തുടങ്ങിയവ വീടുകളിൽ നിന്ന് കളക്ട് ചെയ്ത് ബന്ധപ്പെട്ട ഓഫീസുകളിൽ അടയ്ക്കുന്നതിനും ആവശ്യമായ സംവിധാനം കുടുംബശ്രീ യൂണിറ്റുകൾ വഴി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഇപ്പോൾ തന്നെ നമ്മുടെ സംസ്ഥാനത്ത് ചിലയിടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ ഈ ജോലി നിർവ്വഹിക്കുന്നുണ്ട്. വളരെ ഫലപ്രദമായ രീതിയിൽ കറണ്ട് ചാർജ് വീടുകളിൽ നിന്ന് കളക്ട് ചെയ്ത് കൊണ്ട് അടയ്ക്കുന്നുണ്ട്. ഇത് വ്യാപകമാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല, ഇത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജാജി മാത്യു തോമസ് : സർ, കാർഷിക രംഗത്ത് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ വളരെ അഭിനന്ദനാർഹമായിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഗവൺമെന്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ സംഘങ്ങളെ നന്നായി പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ ഇവയെ മാതൃകയാക്കിക്കൊണ്ട് ധാരാളം പുരുഷ സ്വാശ്രയ സംഘങ്ങളും ഇന്ന് കാർഷിക രംഗത്തേയ്ക്ക് കടന്നു വരുന്നുണ്ട്. അവർക്ക് ഇത്തരം ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമല്ല. കാർഷിക രംഗത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഇത്തരത്തിൽ സന്നദ്ധമായി മുന്നോട്ടുവരുന്ന പുരുഷ സ്വാശ്രയ സംഘങ്ങളെക്കൂടി സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പുതിയ നിർദ്ദേശമാണ്. അതിന്റെ നാനാവശങ്ങളും പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ : സർ, സംഘകൃഷി നടത്തുന്നത് കൃഷി വകുപ്പിന്റെ കൂട്ടുകൃഷിയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. കുടുംബശ്രീ യൂണിറ്റുകളെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ തരിശ് സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ കഴിയുന്നുള്ളൂ. മറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഭൂവുടമകളെക്കൂടി പങ്കെടുപ്പിച്ചു കൊണ്ടാണ് വ്യാപകമായ തോതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ സംഘകൃഷി നടത്തുന്നത്. പഞ്ചായത്തുകൾതന്നെ മുൻകൈയെടുത്തു കൊണ്ട് കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടുകൂടി കൂടുതൽ മേഖലകളിൽ കൃഷി ചെയ്യുന്നതിനും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും വേണ്ടിയുള്ള ഒരു സംവിധാനം ഏർപ്പെടുത്തുമോ ? ഇപ്പോൾ അഞ്ചോ പത്തോ ഏക്കറിൽ കൂടുതൽ കുടുംബശ്രീ യൂണിറ്റുകൾക്ക് കൃഷി ചെയ്യാൻ കഴിയുന്നില്ല. കാരണം നിലം തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കിട്ടുന്നില്ല. അത്തരത്തിൽ തരിശ്ശായി കിടക്കുന്ന സ്ഥലം ഭൂവുടമകളുടെ സമ്മതത്തോടുകൂടി, എന്നാൽ അവരുടെ ഓണർഷിപ്പിൽ യാതൊരു വ്യത്യാസവും വരുത്താതെയുള്ള ഒരു എഗ്രിമെന്റ് വച്ചുകൊണ്ട് കുടുംബശ്രീ യൂണിറ്റുകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് കൃഷി വ്യാപകമാക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ആദ്യ ഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ശ്രമം നടത്തിയത് തരിശായി കിടക്കുന്ന ഭൂമിയിൽ അതേ കൃഷിക്കാരെത്തന്നെ പ്രോത്സാഹിപ്പിച്ച് സഹായം ചെയ്തുകൊടുത്ത് കൃഷിയിലേയ്ക്ക് കൊണ്ടുവരാനാണ്. അതിന് അവർക്ക് പ്രയാസം നേരിടുന്ന ഘട്ടത്തിൽ അവരുടെ സമ്മതത്തോടുകൂടി, അവരുടെ ഭൂമി ഏറ്റെടുത്ത് കുടുംബശ്രീ യൂണിറ്റുകൾ മുഖേന കൃഷി ചെയ്യുകയാണ്. പലയിടത്തും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ കൃഷിക്കാരുടെ ഒരു കൂട്ടായ്മയാണ് കാണുന്നത്. ചിലയിടങ്ങളിൽ മാത്രമാണ് കുടുംബശ്രീ യൂണിറ്റുകൾ നേരിട്ട് നടത്തുന്നത്. കുടുംബശ്രീ യൂണിറ്റുകൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 1,000, 1,500 ഏക്കർ, ചില ജില്ലകളിൽ ചില പ്രത്യേക പ്ലോട്ട്

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത് കൃഷി ചെയ്യുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ട്. തീർച്ചയായും അതിനെ കുറച്ചുകൂടി പ്രോൽസാഹിപ്പിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീമതി കെ. എസ്. സലീഖ : സർ, കേരളത്തിൽ മഹാപ്രസ്ഥാനമായി വളർന്നുവന്നിട്ടുള്ള കുടുംബശ്രീ സംവിധാനത്തിൽ 37 ലക്ഷത്തോളം വരുന്ന വനിതകൾ അംഗങ്ങളാണ്. 100 കണക്കിന് വ്യത്യസ്തമായ തൊഴിലുകളുള്ള സംരംഭങ്ങളാണ് അവർ ചെയ്യുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സംഘകൃഷി. മേഖലയിലേക്ക് കുടുംബശ്രീ സംവിധാനം മാറിയിട്ടുള്ളത്. ഇത്തരം സംഘകൃഷി നടത്തുന്ന കുടുംബശ്രീ സംവിധാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമെന്ന് പറയുന്നത് അവർ പാട്ടത്തിനെടുക്കുന്ന ഭൂമിക്ക് 5,000 രൂപ മുതൽ 10,000 രൂപവരെ പാട്ടം കൊടുക്കേണ്ട ഒരു സ്ഥിതി വരികയാണ്. അതിന് എന്തെങ്കിലും സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ പഞ്ചായത്തിനോ ഗവൺമെന്റിനോ സാധ്യമാകുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നവുമായി ബദ്ധപ്പെട്ട് പലയിടത്തുനിന്നും പരാതികൾ വരുന്നുണ്ട്. വലിയ തോതിലുള്ള വാടക ഈടാക്കുകയാണ്. അങ്ങനെ ഏറ്റെടുത്തിട്ടുള്ളതിൽ കൃഷി ചെയ്ത് ലാഭകരമാക്കിത്തീർക്കാൻ കഴിയില്ല. അതിന് പരിഹാരം കാണാനുള്ള പോംവഴി എന്താണ് എന്നുള്ളത് ഗവൺമെന്റ് ആലോചിക്കും. അത് അത്ര പെട്ടെന്ന് കഴിയുന്ന ഒരു കാര്യമല്ല.

ശ്രീ. കെ. അച്ചുതൻ : സർ, നെൽവയലുകൾ ഓരോ വർഷവും തരിശിടുന്നത് കൂടിക്കൂടി വന്നുകൊണ്ടിരിക്കുകയാണ്. അതിന് പ്രധാന കാരണം തൊഴിലാളികളെ കിട്ടാത്തതാണ്. തൊഴിലുറപ്പ് ജോലിക്ക് 125 രൂപ കൂലി നിശ്ചയിച്ചിട്ടുള്ളസ്ഥാനത്ത് ചിറ്റൂർ മേഖലയിൽ കൃഷിപ്പണിക്ക് വരുന്ന സ്ത്രീകളുടെ കൂലി 70-80 രൂപയാണ്. അതുകൊണ്ട് പല ആളുകളും തൊഴിലിന് വരുന്നില്ല. തൊഴിലുറപ്പ് ജോലി നെൽക്കൃഷിയുമായി ബന്ധപ്പെടുത്തി പല സ്ഥലങ്ങളിലും പുല്ലുംചെത്തി നടക്കുന്നുണ്ട്. അത് ചെറുകിട കൃഷിക്കാർക്കും കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ ശരിയാക്കിക്കൊടുക്കാൻ കഴിയുമോ എന്നാണ് ചോദ്യം ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള കാര്യം വളരെ ശരിയാണ്. പ്രത്യേകിച്ച് കേരളത്തിന്റെ സാഹചര്യത്തിൽ ഒരു ചെറിയ അളവിൽ, ഒരേക്കർവരെയെങ്കിലുമുള്ള പാവപ്പെട്ട കൃഷിക്കാരന്റെ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി അനുവദനീയമാണെന്ന് പറഞ്ഞാൽ കേരളത്തിൽ വലിയ മാറ്റമുണ്ടാകും. പക്ഷേ കേന്ദ്രത്തിന് അത് ബോധ്യപ്പെടുന്നില്ല. അതാണ് സ്ഥിതി.

ശ്രീമതി കെ. കെ. ലതിക : സർ, കാർഷിക മേഖലയിലും അതുപോലെ ശുചിത്വ മേഖലയിലുമൊക്കെയുള്ള നേട്ടങ്ങൾക്ക് കേരളം അർഹമായിട്ടുള്ളത് കുടുംബശ്രീ യൂണിറ്റുകളുടെ ഇന്നത്തെ പ്രവർത്തനത്തോടുകൂടിയാണ്. ജലസംരക്ഷണ നീർത്തടാധിഷ്ഠിത പ്രവർത്തനമൊക്കെ നല്ല രൂപത്തിൽ കുടുംബശ്രീ

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകളും അതുപോലെ തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്നുണ്ട്.

ലോകനാർകാവ് ചിറ (90 സെന്റ് സ്ഥലം) 30,000 സ്ത്രീകൾ പങ്കെടുത്താണ് വൃത്തിയാക്കിയിട്ടുള്ളത്. ഇവിടെ കാർഷിക മേഖലയിൽ 250 രൂപ കൂലി കിട്ടുമ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ 120 രൂപയാണ് കിട്ടുന്നത്. ഇത് വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ? ശ്രീ.കെ. അച്ചുതൻ മെമ്പർ പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ് നമ്മുടെ നാട്ടിലെ കഥ. 250 രൂപ കാർഷിക മേഖലയിൽ കിട്ടുമ്പോൾ 120 രൂപയാണ് തൊഴിലുറപ്പ് പദ്ധതിയിൽ കിട്ടുന്നത്. അത് പലപ്പോഴും സംഘങ്ങളായി പോകുന്നു എന്നുള്ളതുകൊണ്ട് മാത്രമാണ് സ്ത്രീകൾ ഈ പ്രവർത്തനത്തിന് പോകുന്നത്. 250 രൂപ വർദ്ധിപ്പിക്കാൻ കഴിയുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കേരളത്തിന്റെ സ്ഥിതിവച്ച് വലിയ ബുദ്ധിമുട്ട് ഈ രംഗത്തുണ്ടെന്നുള്ളത് ഞാൻ സൂചിപ്പിച്ചു. നമ്മുടെ മിനിമം വേജസ് 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിച്ച് കിട്ടണമെന്നുള്ള ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ട്. അത് അംഗീകരിച്ച് കിട്ടിയിട്ടില്ല.

ശ്രീ. എൻ. അനിരുദ്ധൻ: സർ, കൃഷി ശാസ്ത്രീയമായ അടിത്തറയിൽ നടത്തിയെങ്കിൽ മാത്രമേ അത് ലാഭകരമായി ചെയ്യാൻ കഴിയൂ. ഇപ്പോൾ പലപ്പോഴും കുടുംബശ്രീ യൂണിറ്റുകൾ അവരുടെ പരിമിതമായ അറിവിന്റെ അടിസ്ഥാനത്തിൽ ചില പ്രോജക്ടുകൾ ഉണ്ടാക്കിയാണ് ചെയ്യുന്നത്. എന്റെ നിർദ്ദേശം, ഓരോ ജില്ലയിലും പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ക്ലസ്റ്റർ സിസ്റ്റമുണ്ടാക്കി, ഒരു പൈലറ്റ് പ്രോജക്ട് തയ്യാറാക്കി മറ്റ് യൂണിറ്റുകൾക്ക് മാർഗദർശകമായി ശാസ്ത്രീയ അടിത്തറയിൽ ഇത് എങ്ങനെ ചെയ്യുമെന്ന് കാണിച്ച് കൊടുക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ള ഈ കാര്യം, ചില ജില്ലകൾ അത്തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് വിജയകരമാകുന്നതോടുകൂടി സംസ്ഥാന വ്യാപകമായി നമുക്ക് കൊണ്ടുവരാം.

ശ്രീ. എ. എ. ഷുക്കൂർ: സർ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖേന പഞ്ചായത്തുകളിലാണ് സംഘകൃഷി ഇപ്പോൾ നടക്കുന്നത്. ആലപ്പുഴ പോലെയുള്ള നഗരപ്രദേശങ്ങളിൽ പാടശേഖരങ്ങൾ ഏറെയുണ്ട്. അതിൽ തരിശ് കിടക്കുന്നതുമുണ്ട്. നഗരങ്ങളിൽ ഈ സംഘകൃഷി പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, നമ്മുടെ സംസ്ഥാനത്തിൽ ചില നഗരസഭകൾ വളരെ മാതൃകാപരമായി, ഉദാഹരണത്തിന് പെരുന്തൽമണ്ണ മുനിസിപ്പാലിറ്റി നല്ല രീതിയിൽ ഒരു പദ്ധതി തയ്യാറാക്കി വളരെ ആവേശകരമായി അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. അത് ചില നഗരസഭകളിൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, കോൾ മേഖലകൾ അല്ലാത്ത നിരവധി വയലുകൾ ഉടമസ്ഥന് താത്പര്യമില്ലാത്തതുകൊണ്ട് അല്ലെങ്കിൽ ഉടമസ്ഥർക്ക് മറ്റ് മേഖലയിലാണ് അവരുടെ പ്രധാനപ്പെട്ട തൊഴിൽ എന്നതു കൊണ്ട് തരിശ്ശായി കിടക്കുന്ന അവസ്ഥ കേരളത്തിലുണ്ട്. എന്റെ നാട്ടിൽ ചെറുപ്പക്കാർ കൂട്ടായി കൃഷി ചെയ്യാൻ തയ്യാറാണ്. അവർ പല സ്ഥലത്തും മുന്നോട്ട് വരുന്നുമുണ്ട്. പക്ഷേ അവർക്കൊന്നും ഭൂമി കിട്ടുന്നില്ല. ഭൂമി തരാൻ ഉടമസ്ഥന് ഭയമാണ്. കാരണം, ഇത് കൊടുത്താൽ തിരിച്ച് കിട്ടിയില്ലെങ്കിലോ എന്നുള്ള ഭയമാണ് യാഥാർത്ഥത്തിൽ ഉണ്ടാകുന്നത്. ഇതിന് എന്തെങ്കിലും തരത്തിലുള്ള നിയമപരമായ ഒരു ഉറപ്പ്, താൽക്കാലികമായി കൃഷി ചെയ്യാൻ, പച്ചക്കറി പോലുള്ളവ കൃഷിചെയ്യാൻ കൊടുക്കുകയും അതുകഴിഞ്ഞാൽ തിരിച്ച് കിട്ടുമെന്ന് ഉറപ്പുണ്ടാക്കുകയും ചെയ്യുന്ന ഒരു നിയമപരമായ ഉറപ്പ് ഇത്തരം ആളുകൾക്ക് കൊടുത്താൽ വൻതോതിൽ കേരളത്തിൽ കൃഷിനടക്കും. അത്രയേറെ ഭൂമി വെറുതെ കിടക്കുന്നുണ്ട്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, 10,65,000 ഹെക്ടർ ഭൂമി കുടുംബശ്രീ പാട്ടത്തിന് ഏറ്റെടുത്ത് നടത്തുന്നത് മറ്റ് രീതിയിലുള്ള ഉറപ്പിലല്ല, അത് ബന്ധപ്പെട്ട കൃഷിക്കാരുമായി കാര്യങ്ങൾ സംസാരിച്ച് പഞ്ചായത്ത് ഇടപെട്ട് ആ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുന്നത്. അതു സംബന്ധിച്ച് ഇന്ന് വലിയ തർക്കങ്ങളും കാര്യങ്ങളൊന്നുമില്ല. പക്ഷേ ചില ആളുകൾ കൊടുക്കാൻ മടിക്കുന്നുണ്ട്. അത്രേയുള്ളൂ.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, കുടുംബശ്രീ സംവിധാനം വന്നതോടുകൂടി പച്ചക്കറി ഉൽപ്പാദനത്തിൽ വമ്പിച്ച വളർച്ച കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിൽ പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന നയം ഒരു കാരണമാണ്. പക്ഷേ പഞ്ചായത്ത് വിത്ത് സൗജന്യമായി കൊടുക്കുന്നുണ്ട്. വളം 50 ശതമാനം സബ്സിഡി നിരക്കിലാണ് കൊടുക്കുന്നത്. അതോടൊപ്പം ഒരു ശതമാനം പലിശയ്ക്ക് വായ്പ കേരളത്തിൽ കിട്ടുന്നുണ്ട്. 7 ശതമാനം പലിശയ്ക്ക് 5 ശതമാനം സബ്സിഡി. കൃത്യമായി അടയ്ക്കുന്നവർക്ക് ഒരുശതമാനം സബ്സിഡി. അപ്പോൾ ഒരുശതമാനം പലിശയ്ക്കാണ് വായ്പ കിട്ടുന്നത്. പക്ഷേ ഇതിലെ തടസ്സം എന്താണെന്ന് പറഞ്ഞാൽ, എല്ലാ പഞ്ചായത്തുകളും ഈ നയം ആവിഷ്ക്കരിക്കുന്നില്ല. മുനിസിപ്പൽ കോർപ്പറേഷനെ ഞാൻ ശക്തമായി പറയുന്നില്ല. ഗ്രാമ പഞ്ചായത്തുകൾ മുഴുവനും ഈ പദ്ധതി ആവിഷ്ക്കരിക്കുകയും വിത്തും വളവും സൗജന്യമായി കൊടുക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചാൽ കേരളത്തിന് ആവശ്യമായ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. അങ്ങനെയൊരു നയമുണ്ടാക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത് ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും പൊതുവിൽ ഇതിന്റെ പ്രാധാന്യവും ആവശ്യകതയും ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. പക്ഷേ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഏത് രംഗത്ത് എന്ത് കാര്യങ്ങൾ എന്നുള്ള തീരുമാനം എടുക്കാനുള്ള ഒരു അധികാരത്തിലാണ് അവർ നിൽക്കുന്നത്. അപ്പോൾ അതുകൊണ്ട് ചില പരിമിതികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുരളി പെരുനെല്ലി : സർ, നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ആകമാനം തന്നെ ഇല്ലാതായി കിടക്കുന്ന പ്രദേശങ്ങളാണ് ഇപ്പോൾ തരിശ് ഭൂമികൾ. അതുകൊണ്ടുതന്നെ തരിശ് ഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിന് ആവശ്യമായ വെള്ളം, വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ തുടക്കത്തിൽത്തന്നെ കൃഷിക്കാർക്ക് അത്യാവശ്യമാണ്. അത് വളരെ ഭാരിച്ച ചെലവാണെന്നതുകൊണ്ടാണ് തരിശ് നിലങ്ങളിൽ പലതും കൃഷി യോഗ്യമാക്കി മാറ്റുന്നതിന് തടസ്സം. അതുപോലെ നിലവിലുള്ള ആനുകൂല്യങ്ങളേക്കാൾ രണ്ടോ മൂന്നോ വർഷത്തേക്ക് ഇതിന് പ്രത്യേക ആനുകൂല്യം കൊടുത്തുകൊണ്ട് കൃഷി നടത്തുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഇത്തരം പ്രദേശങ്ങളിൽ അതിനാവശ്യമായിട്ടുള്ള പദ്ധതികൾ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്നതിനുള്ള സൗകര്യം ഉണ്ട്.

ശ്രീ. പള്ളിപ്രം ബാലൻ : സർ, കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ആദായകരമായ വില കിട്ടുന്നില്ലായെന്നുള്ളതാണ് ഒരു വലിയ വിഷയം. അതുകൊണ്ട് സംഘകൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ആദായകരമായ വില കിട്ടാൻ പറ്റുന്ന രീതിയിൽ ആധുനിക വിപണന സൗകര്യവും സൂക്ഷിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രത്യേക മാർക്കറ്റിംഗ് സംവിധാനം കണ്ടുപിടിക്കാനുള്ള സഹായം തദ്ദേശ സ്വയംഭരണ വകുപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ കാര്യം പരിശോധിക്കും.

ശ്രീ. എം. ചന്ദ്രൻ : സർ, നെൽവയൽ സംരക്ഷണ നിയമം പാസ്സാക്കിയത് നെൽകൃഷി ചെയ്യുന്ന ഭൂമി സംരക്ഷിക്കാൻ വേണ്ടിയാണ്. ആദ്യഘട്ടത്തിൽ നികത്തലിൽ കുറച്ച് അറപ്പ് ഉണ്ടായെങ്കിലും ഇപ്പോൾ വ്യാപകമായി നെൽവയൽ നികത്തിക്കൊണ്ടിരിക്കുകയാണ്. പലരും കമ്മ്യൂട്ടേഷൻ സംഘങ്ങളെ വരെ ഏർപ്പാട് ചെയ്തുകൊണ്ടാണ് നികത്തൽ നടത്തുന്നത്. ഇങ്ങനെ നികത്തുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നമ്പരിട്ട് കൊടുക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് നിയമവിരുദ്ധമായി, ഈ രീതിയിൽ നമ്പരിട്ട് കൊടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തദ്ദേശ സ്ഥാപനങ്ങൾ, നിർമ്മിച്ച വീടുകൾക്ക് നമ്പർ ഇട്ട് കൊടുക്കുന്നത് കഴിഞ്ഞ പത്ത് കൊല്ലത്തിനപ്പുറം നികത്തിയിട്ടുള്ള ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് മാത്രമേ പാടുള്ളു എന്നുള്ളത് നിർബന്ധമാണ്. അത് ലംഘിച്ചുകൊണ്ട് ആരെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അത് പരിശോധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, റവന്യു വകുപ്പുമന്ത്രിയും നമ്മളെല്ലാവരും കൂടി വലിയ ആഘോഷകരമായിട്ട് പാസ്സാക്കിയ നിയമമാണ് നെൽവയൽ. നീർത്തട സംരക്ഷണ നിയമം. ഇപ്പോൾ വ്യാപകമായി നെൽവയലുകൾ നികത്തി അവിടെ കെട്ടിടം പണിയുകയാണ്. ബഹുമാനപ്പെട്ട ശ്രീ. എം. ചന്ദ്രൻ ചോദിച്ചതാണ് സത്യം. ആ നിലയ്ക്ക് നെൽവയൽ നികത്തിയിട്ടുണ്ടെങ്കിൽ അത് നെൽവയൽ ആക്കി മാറ്റാൻ നിയമം ഉണ്ട്. ഇതുവരെ അങ്ങനെ ഒരു സംഭവം ഈ സംസ്ഥാനത്ത് നടന്നിട്ടില്ല. അതിന് ത്രിതല പഞ്ചായത്തൊക്കെ കൂട്ട് നിൽക്കുകയാണ്. നമ്മൾ ജനപ്രതിനിധികളാണ്. പറയാതിരിക്കാൻ പറ്റില്ല. ആ കാര്യത്തിൽ അങ്ങ് സ്ട്രിക്ടായി ഒരു തീരുമാനം എടുത്ത് നടപ്പാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ പഞ്ചായത്തുകൾക്ക് എന്ത് ചെയ്യാൻ കഴിയും ? ബഹുമാനപ്പെട്ട മെമ്പർ ഇത് മനസ്സിലാക്കിയിട്ടാണോ പറയുന്നത്. അത് സർക്കാരല്ലേ ചെയ്യേണ്ടത്. അത് സർക്കാർ നോക്കണം. അനധികൃതമായിട്ട് നികത്തിയിട്ടുള്ള ഭൂമിയിൽ പഞ്ചായത്തുകൾ പെർമിറ്റ് കൊടുക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. ഉണ്ടെന്നുണ്ടെങ്കിൽ അത് തീർച്ചയായിട്ടും ഞാൻ പരിശോധിക്കും.

ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ

2 (* 632) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു പ്രത്യേക പാക്കേജിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനതലത്തിൽ ഒരു ഏകീകൃത ഉന്നതതല മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഇതുവരെ സ്വീകരിച്ചത് ;

(സി) പ്രധാനപ്പെട്ട ഏതൊക്കെ ക്ഷേത്രങ്ങളിലെ പശ്ചാത്തല സൗകര്യ വികസനത്തിനാണ് ഇത്തരം പാക്കേജിലൂടെ ലക്ഷ്യമിട്ടിരുന്നത് ;

(ഡി) ഈ വർഷം ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ക്ഷേത്രങ്ങളുടെ പശ്ചാത്തല വികസന സൗകര്യങ്ങളും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ക്ഷേത്രാചാരങ്ങളിലും മതാനുഷ്ഠാനങ്ങളിലും പ്രാഗൽഭ്യമുള്ളവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും തേടുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് എന്ന് വിശദമാക്കുമോ ?